**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3050** **25-06-2024 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളി വായ്പകൾക്ക് മൊറട്ടോറിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഉമ തോമസ്** | | **ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ട്രോളിംഗ് നിരോധന സമയത്ത് മത്സ്യത്തൊഴിലാളി വായ്പകൾക്ക് മൊറട്ടോറിയം അനുവദിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി പ്രകാരം ഈ സർക്കാരിന്റെ കാലയളവിൽ എത്രപേർക്ക് നാളിതുവരെ മൊറട്ടോറിയം അനുവദിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ? | (എ) | ട്രോളിംഗ് നിരോധന സമയത്ത് മാത്രമായി മത്സ്യത്തൊഴിലാളി വായ്പകൾക്ക് മൊറട്ടോറിയം അനുവദിച്ചിട്ടില്ല എന്നാൽ മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ പ്രവർത്തനം ആരംഭിക്കുന്നതിന് മുൻപ്, കടാശ്വാസ ബിൽ നിയമസഭാ സെലക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിട്ടുകയും കമ്മറ്റി സിറ്റിംഗുകൾ പ്രഖ്യാപിക്കുകയും ചെയ്തിരുന്ന പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളി കൾക്ക് ഒരു അടിയന്തിര സമാശ്വാസ നടപടി എന്ന നിലക്ക് അവർ സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ ഉൾപ്പെടെ വിവിധ വായ്പ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും സ്വീകരിച്ച വായ്പകളിന്മേൽ തുടങ്ങി വച്ചതോ തുടർന്നു വരുന്നതോ ആയ റിക്കവറി നടപടികൾക്ക് 2007 മുതൽ മൊറട്ടോറിയം ഏർപ്പെടുത്തുകയും തുടർന്ന് മൊറട്ടോറിയം കാലാവധി 30/06/2022 വരെ ദീർഘിപ്പിച്ച് നൽകുകയും ചെയ്തിരുന്നു. പ്രസ്തുത കാലയളവിനുള്ളിൽ 1,35,560 അപേക്ഷകൾ കടാശ്വാസ കമ്മീഷൻ തീർപ്പാക്കിയിട്ടുണ്ട്. മൊറട്ടോറിയം ഉത്തരവ് മേൽപറഞ്ഞ എല്ലാ മത്സ്യത്തൊഴിലാളികൾക്കും ബാധക മായിരുന്നു. |

സെക്ഷൻ ഓഫീസർ